# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1001 | 10.08.2017-ൽ മറുപടിയ്ക്ക് |

## തീരദേശ ഹൈവേ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. വി.ഡി.സതീശൻ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തീരദേശ ഹൈവേ യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് ; വ്യക്തമാ ക്കമോ; | (എ) തിരുവനന്തപുരം ജില്ലയിലെ പൂവാർ മുതൽ കാസർഗോഡ് ജില്ലയിലെ കണ്വതീർത്ഥ (കുഞ്ഞത്തൂർ) വരെയുള്ള തീരദേശ പാതയുടെ NATPAC തയ്യാറാക്കിയ ഫൈനൽ അലൈൻമെന്റിന് 21.05.2017-ലെ സ.ഉ. (സാധാ) നം. 679/2017/ പൊ.മ.വ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പാതയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ തീരുമാനമെടുത്തി ട്ടുള്ളതും, ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി കളുടെ നടപടി ക്രമങ്ങൾ തുടങ്ങിയിട്ടുള്ളതുമാണ്. ഭൂമി ലഭ്യമായ സ്ഥലങ്ങളിൽ ഡി.പി.ആർ. തയ്യാറാ ക്കുന്നതിനു നിർദ്ദേശം നൽകുകയും, അതിന്റെ അടിസ്ഥാനത്തിൽ ഉള്ള നടപടികൾ വകുപ്പ് കൈക്കൊണ്ട് മുന്നോട്ട് പോകുകയും ചെയ്യുന്നു. |
| (ബി) ഈ പദ്ധതിക്കുള്ള ധനസമാഹരണം എങ്ങനെ നടത്തുവാനാണ് തീരുമാ നിച്ചിട്ടുള്ളത്; വിവരിക്കുമോ; | (ബി) പ്രസ്തുത ഹൈവേയുടെ നിർമ്മാണത്തി നായി 10.07.2017-ലെ സ.ഉ. (സാധാ) നം. .942/2017/പൊ.മ.വ പ്രകാരം KIIFB മുഖാന്തിരം ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിന് 6500 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരളാ റോഡ് ഫണ്ട് ബോർഡിനെ (KRFB) ചുമതല പ്പെടുത്തിയിട്ടുണ്ട്. |

നിർവ്വഹണത്തിനായി പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് ഭരണ തലത്തിൽ എന്തെല്ലാം നടപടി കളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

(സി) തീരദേശ പാതയുടെ നിർമ്മാണ ചുമതലയുള്ള എഞ്ചിനീയർമാരുടെ യോഗം ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ജൂലായ് മാസം 11, 12 തീയതികളിൽ നടത്തുകയും, തീരദേശ പാത സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ട നിർദ്ദേശം നൽകിയിട്ടുള്ളതു മാണ്. കൂടാതെ ജൂലായ് 18ന് ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനുള്ള ശിൽപശാലയും നടത്തുകയുണ്ടായി. നിലവിൽ ഭൂമി ലഭ്യമായ സ്ഥലങ്ങളിൽ ജില്ലാ അടിസ്ഥാനത്തിൽ ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികളുമായി വകുപ്പ് മുന്നോട്ടു പോകുന്നു.

സെക്ഷൻ ഓഫീസർ